(ബി) ഏതെല്ലാം കോഴ്സുകളാണ് പ്രസ്തുത കോളേജിന് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഈ അദ്ധ്യയന വർഷം തന്നെ കോളേജ് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ നാദാപുരത്ത് ഒരു കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും കോഴിക്കോട് സർവ്വകലാശാലയുടെ അഫിലിയേഷനുള്ള അപേക്ഷ സമർപ്പിക്കുവാൻ താമസിച്ചതിനാൽ 2004-2005 വർഷത്തേക്ക് സർവ്വകലാശാല അഫിലിയേഷൻ ലഭിച്ചിരുന്നില്ല. കൂടാതെ ടി സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലവും കെട്ടിടവും ഐ. എച്ച്. ആർ. ഡി.-ക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുമാണ്.

(ബി) പ്രസ്തുത കോളേജിൽ ബി. എസ്. സി. ഇലക്ട്രോണിക്സ്, ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ്, ബി. ബി. എ. എന്നീ കോഴ്സുകൾ തുടങ്ങാനാണ് ഐ. എച്ച്. ആർ. ഡി. തീരുമാനിച്ചിട്ടുള്ളത്.

(സി) 'എ' യിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ നാദാപുരത്ത് ഐ. എച്ച്. ആർ. ഡി.-യുടെ കീഴിലുള്ള കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഈ അദ്ധ്യയന വർഷം ആരംഭിക്കുവാൻ കഴിയുകയില്ല.

ശ്രീ. രാമനാഥന് പ്രൊമോഷൻ നൽകുന്നതിലെ കാലതാമസം

396 [2457] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പ്യൂൺ ശ്രീ. രാമനാഥ് യോഗ്യതയുടെ അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് 22251/എൽ1/03/എച്ച്. ഇ. ഡി. എൻ. തീയതി 5-7-2003 നമ്പരായി അയച്ച കത്തിന്മേലുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത കത്തുപ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ കാലതാമസത്തിനുത്തരവാദിയായ ഉദ്യോഗസ്ഥർക്ക് എതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളുമോ;

(ഇ) അപേക്ഷകന് ലഭിക്കേണ്ടിയിരുന്ന അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിന് വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും അപേക്ഷകനുണ്ടായ സാമ്പത്തിക നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

(എഫ്) അപേക്ഷകന് ലഭിക്കേണ്ടിയിരുന്ന അർഹതപ്പെട്ട പ്രൊമോഷൻ മുൻകാല പ്രാബല്യത്തോടുകൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്യൂൺ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ. രാമനാഥൻ ട്രേഡ്സ്മാനായി തസ്തികമാറ്റംവഴി നിയമനം ലഭിക്കുന്നതിന് 2001-2002 കാലഘട്ടം മുതൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ട്രേഡ്സ്മാൻ തസ്തികയ്ക്കുള്ള അടിസ്ഥാന യോഗ്യതയായ ഐ. ടി. ഇ. (ജെ. റ്റി. എസ്. എൽ. സി.) കെ. ജി. സി. എ./കെ. ജി. റ്റി. ഇ. എന്നിവ ശ്രീ. രാമനാഥനില്ല. ഉയർന്ന യോഗ്യതയായ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമയുണ്ട്. ഉയർന്ന യോഗ്യത ഉണ്ടെങ്കിൽപോലും അടിസ്ഥാന യോഗ്യത ഇല്ലാത്തവരെ ട്രേഡ്സ്മാൻ തസ്തികയ്ക്ക് പരിഗണിക്കേണ്ട എന്ന് 18-6-2001-ലെ 2327/എൽ3/01/ഉ. വി.വ. എന്ന കത്തിൽ നിർദ്ദേശിച്ചിരുന്നു. ഈ കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാമനാഥന് ട്രേഡ്സ്മാനായി നിയമനം നൽകാൻ സാദ്ധ്യമായിരുന്നില്ല. എന്നാൽ 2003 ഡിസംബർ മാസത്തിൽ ബഹു. കേരള ഹൈക്കോടതി 29404/03 എന്ന റിട്ട് പെറ്റീഷനിൽ പുറപ്പെടുവിച്ച വിധിയിൽ ഉയർന്ന യോഗ്യതയുള്ളതും എന്നാൽ അടിസ്ഥാന യോഗ്യത ഇല്ലാത്തവരുമായ ഉദ്യോഗാർത്ഥികളേയും പരിഗണിക്കാമെന്ന് ഉത്തരവായി. ബഹു. ഹൈക്കോടതി ഉത്തരവും പിന്നീടുണ്ടായ ഒഴിവുകളും പരിഗണിച്ച് തസ്തികമാറ്റം വഴി ട്രേഡ്സ്മാനായി നിയമനം ലഭിക്കുവാൻ യോഗ്യതയുള്ള ക്ലാസ്സ് 4 ജീവനക്കാരിൽനിന്നും 23-3-2004-ലെ ഇ.ബി3/8601/04-ലെ സർക്കുലർ പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാമനാഥൻ തസ്തികമാറ്റംവഴി ട്രേഡ്സ്മാനായി നിയമനം ലഭിക്കുവാൻ 19-4-2004-ന് സമർപ്പിച്ച അപേക്ഷ പരിഗണനയിലാണ്.

(സി) ഇല്ല.

(ഡി ആന്റ് ഇ) ബഹുമാനപ്പെട്ട ഹൈക്കോടതി 29404/03 എന്ന റിട്ട് പെറ്റീഷനിൽ 2003 ഡിസംബർ മാസത്തിലാണ് വിധി പ്രസ്താവിച്ചത്. (ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ശ്രീ. രാമനാഥൻ തസ്തിക വഴിയുള്ള നിയമനത്തിന് അർഹനായത്.) ശ്രീ. രാമനാഥനെ നിയമനത്തിന് പരിഗണിക്കുവാൻ പര്യാപ്തമായ ഒഴിവുകൾ ഉണ്ടായത് 2004 ഫെബ്രുവരി അവസാനമാണ്. കോടതി വിധിക്ക് ശേഷമുണ്ടായ ഈ ഒഴിവിൽ ടിയാനെ പരിഗണിച്ചിട്ടുണ്ട്. ടിയാന് തസ്തികമാറ്റംവഴി നിയമനം നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് തയ്യാറായിരുന്നു. ടിയാന്റെ സീനിയർ ആയ ആരെങ്കിലും ഉണ്ടോ എന്ന് പരിശോധിക്കാതെ ധൃതിയിൽ ഒരു നിയമനം നൽകാൻ കഴിയില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് യാതൊരുവിധ സാമ്പത്തിക നഷ്ടവും വരുത്തിയിട്ടില്ല.

(എഫ്) തസ്തികമാറ്റ നിയമനത്തിന് മുൻകാല പ്രാബല്യമില്ല. 2004 ജനുവരിക്കു ശേഷമാണ് ടിയാൻ തസ്തികമാറ്റ നിയമനത്തിന് അർഹനായത്. അതിനുശേഷം ഒഴിവുകൾ ഉണ്ടായത് 27-2-2004-നാണ്. പ്രസ്തുത ഒഴിവിൽ ശ്രീ. രാമനാഥനെ പരിഗണിച്ചിട്ടുണ്ട്. ആയതിന്റെ ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly